**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1351** **03-02-2026 - ൽ മറുപടിയ്ക്ക്**

**കുന്ദമംഗലത്ത് ബൈപ്പാസ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ദേശീയ പാത 766-ൽ കുന്ദമംഗലത്ത് ബൈപ്പാസ് നിർമ്മിക്കുന്നതിന് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തിയുടെ നിലവിലുള്ള സ്ഥിതി വിശദമാക്കുമോ; | (എ) | 27.09.2016 ലെ സ.ഉ.(സാധാ)നം. 1324/2016/PWD ഉത്തരവ് പ്രകാരം പണ്ടാരപ്പറമ്പ് - ഉണ്ടോടിക്കടവ് ബൈപ്പാസ് നിർമ്മാണത്തിന് 10 കോടി രൂപ വകയിരുത്തുകയും റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് -നെ SPV (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ) ആയി നിയമിക്കുകയും ചെയ്തിരുന്നു. 3 ഘട്ടങ്ങളായി വിഭാവനം ചെയ്ത ബൈപ്പാസ് പദ്ധതി സംബന്ധിച്ച് റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ സമർപ്പിച്ചിരുന്നു<br><br>ഈ പദ്ധതി കേന്ദ്രഉപരിതല ഗതാഗത വകുപ്പിന്റെ ദേശീയപാത 766 വികസന പദ്ധതിയിൽ ഉൾപ്പെടുത്തുന്നതാണ് ഉചിതം എന്ന കിഫ്ബി ചീഫ് എക്സിക്യൂട്ടിവ് ഓഫീസറുടെ അഭിപ്രായം പരിഗണിച്ച് സർക്കാർ കേന്ദ്രഉപരിതല ഗതാഗത വകുപ്പിന് കത്ത് നൽകിയിട്ടുണ്ട് |
| (ബി) | ദേശീയ പാത 766-ന്റെ വികസനത്തിന്റെ ഭാഗമായി കുന്ദമംഗലത്ത് ബൈപ്പാസ് നിർമ്മിക്കുന്ന വിഷയം പദ്ധതിയിൽ ഉൾപ്പെടുത്താത്ത സാഹചര്യത്തിൽ കിഫ്ബി മുഖേനയുള്ള ബൈപ്പാസ് നിർമ്മാണം വേഗത്തിലാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ? | (ബി) | എ പിരിവിന്റെ അതേ മറുപടി |

സെക്ഷൻ ഓഫീസർ